# Official Spokesperson's response to a media query on Pakistan’s official remarks in response to the media report on seizure of suspected material (uranium) in Bokaro last week

June 10, 2021

---

**കഴിഞ്ഞ ആഴ്ചയിൽ ബൊക്കാറോയിൽ സംശദസ്പദമായ പദാർത്ഥങ്ങൾ (യുറേനിയം) കണ്ടുകെട്ടിയെന്ന മാധ്യമറിപ്പോർട്ടിനെ തുടർന്ന് പാകിസ്ഥാൻ നടത്തിയ ഔദ്യോഗിക പ്രതികരണത്തെക്കുറിച്ചുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം.**

ജൂൺ 10, 2021

**കഴിഞ്ഞ ആഴ്ചയിൽ ബൊക്കാറോയിൽ സംശദസ്പദമായ പദാർത്ഥങ്ങൾ (യുറേനിയം) കണ്ടുകെട്ടിയെന്ന മാധ്യമറിപ്പോർട്ടിനെ തുടർന്ന് പാകിസ്ഥാൻ നടത്തിയ ഔദ്യോഗിക പ്രതികരണത്തെക്കുറിച്ചുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവ് ഇപ്രകാരം പ്രതികരിച്ചു.**

" മെറ്റീരിയൽ സാമ്പിളിന്റെ കൃത്യമായ വിലയിരുത്തലിനും ലബോറട്ടറി വിശകലനത്തിനും ശേഷം, കഴിഞ്ഞ ആഴ്ച പിടിച്ചെടുത്ത വസ്തു യുറേനിയമല്ലെന്നും റേഡിയോ ആക്ടീവ് അല്ലെന്നും, ഇന്ത്യയിലെ ആണവോർജ വകുപ്പ് പ്രസ്താവിച്ചു. ഒരു മാധ്യമ റിപ്പോർട്ട് മാത്ര അടിസ്ഥാനമാക്കി, വസ്തുതകൾ പരിശോധിക്കുകയോ ഉറപ്പു വരുത്തുകയോ ചെയ്യാതെ പാകിസ്ഥാൻ വിദേശകാര്യ മന്ത്രാലയം ഇന്ത്യയെക്കുറിച്ച് കാരണങ്ങൾ ഇല്ലാതെ നടത്തിയ പരാമർശം ഇന്ത്യയെ അപകീർത്തിപ്പെടുത്താനുള്ള അവരുടെ മനോഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

അന്താരാഷ്ട്രതലത്തിൽ നിയന്ത്രിതമായ ഇനങ്ങൾക്കായി ഇന്ത്യ കർശനമായ നിയമാധിഷ്ഠിത നിയന്ത്രണ സംവിധാനം പാലിക്കുന്നുണ്ടെന്നു ഞാൻ വീണ്ടും ഉറപ്പു നൽകുന്നു കൂടാതെ ഇത് അന്താരാഷ്ട്ര സമൂഹം അംഗീകരിച്ച നമ്മുടെ കുറ്റമറ്റ ആണവനിരോധന അംഗീകാരങ്ങളിൽ പ്രതിഫലിക്കുന്നതുമാണ്. ”

**ന്യൂ ഡൽഹി**

**ജൂൺ 10, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.